"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - സർക്കാർ അനുവദിക്കുന്ന നോൺ പ്ലാൻ ഫണ്ടുകൾ സ്വീകരിക്കുന്നതിനായി കേരള കള്ള് വ്യവസായ വികസന ബോർഡിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ പേരിൽ ഒരു പലിശരഹിത സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (സ്ട്രീംലൈനിംഗ്) വകുപ്പ്**

**സ.ഉ.(സാധാ)നം. 4570/2024/ധന** **തീയതി, തിരുവനന്തപുരം, 11.06.2024**

---

പരാമർശം:- 1. സ.ഉ (സാധാ) നം. 611/2024/LBR തീയതി 07.06.2024.
2. കേരള കള്ള് വ്യവസായ വികസന ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 21.03.2024 തീയതിയിലെ 03/2024/KTIDB നമ്പർ കത്ത്..

**ഉത്തരവ്**

കേരള കള്ള് വ്യവസായ വികസന ബോർഡിന്റെ ധനവിനിയോഗങ്ങൾക്കായും പരാമർശം 1 പ്രകാരം വായ്പയായി ലഭിച്ച തുക നിക്ഷേപിക്കുന്നതിനുമായി കേരള കള്ള് വ്യവസായ വികസന ബോർഡിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ പേരിൽ ഒരു സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിനുള്ള അനുമതി നൽകണമെന്ന് പരാമർശ കത്ത് പ്രകാരം കേരള കള്ള് വ്യവസായ വികസന ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ആവശ്യപ്പെട്ടിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, സർക്കാർ അനുവദിക്കുന്ന നോൺ പ്ലാൻ ഫണ്ടുകൾ സ്വീകരിക്കുന്നതിനും പരാമർശം 1 പ്രകാരം വായ്പയായി ലഭിച്ച തുക നിക്ഷേപിക്കുന്നതിനും മാത്രമായി, കേരള കള്ള് വ്യവസായ വികസന ബോർഡിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ പേരിൽ ഒരു പലിശരഹിത സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിനും ട്രഷറി ഇടപാടുകൾ തിരുവനന്തപുരം ജില്ലാ ട്രഷറി വഴി നടത്തുന്നതിനുള്ള അനുമതിയും നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**സുരേഷ് കുമാർ ഒ.ബി**
**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ്:-

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ.&ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (Audit-II) കേരള, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള കള്ള് വ്യവസായ വികസന ബോർഡ്, തിരുവനന്തപുരം.
നികുതി (ജി) വകുപ്പ് (UO (F) No. TAXES-G1/49/2024-TAXES Computer No. 2747153)
ധനകാര്യ (വ്യയം-ബി) വകുപ്പ്.
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (E 2757156)

ഉത്തരവിൻ പ്രകാരം

Manju C

അക്കൗണ്ട്സ് ഓഫീസർ